# ചുവടുകൾ

# GWLPS ADOOR

# ചുവടുകൾ

# GWLPS ADOOR

# ACADAMIC MASTER PLAN
# 2025 - 2026

KUMBLA

KASARAGOD

# ACADAMIC MASTER PLAN
# GWLP SCHOOL
# ADOOR

| | | |
|---|---|---|
| Village | : | Adoor |
| Ward | : | VII |
| Cluster | : | Badiayadukka |
| Block | : | Karadukka |
| Thaluk | : | Kasaragod. |
| Headmaster | : | Prathees. K. G |

# ആമുഖം

ദേലംപാടി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിന്റെ ഹൃദയഭാഗത്താണ് ജി. ഡബ്ല്യു. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1954ൽ ആണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. പരിസരവാസിയായ ശ്രീ. ചോമണ്ണനായ്ക് ആണ് സ്കൂൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത്.

# ചരിത്രം

1954-ൽ സ്ഥാപിതമായ ഈ വിദ്യാലയം പരിസരവാസികളുടെ ശ്രമത്തിൽ നിർമ്മിക്കപ്പെട്ട ഒരു ഷെഡ്ഡിൽ ആയിരുന്നു ആദ്യം പ്രവർത്തിച്ചിരുന്നത്. തുടക്കത്തിൽ 4 വർഷത്തോളം കന്നട മാധ്യമത്തിൽ അദ്ധ്യയനം നടത്തിയിരുന്ന ഒരു ഏകാധ്യാപക വിദ്യാലയമായിരുന്നു ഇത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന പ്രദേശത്തിന്റെ ഏക ആശ്രയമായിരുന്നു ഈ വിദ്യാകേന്ദ്രം. ദേലംപാടി ഗ്രാമപഞ്ചായത്തിലെ ന്യൂനപക്ഷ വിഭാഗക്കാരായ മറാഠി വിഭാഗക്കാരാണ് ഈ പ്രദേശത്ത് ഭൂരിഭാഗവും താമസിക്കുന്നത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറെ പിന്നോക്കം നിന്നിരുന്ന മറാഠി വിഭാഗത്തിന്റെ വളർച്ചയ്ക്ക് ഈ വിദ്യാലയം ഏറെ സഹായകമായി തീർന്നു.

മൂന്ന് ഭാഗങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ സ്കൂളിൽ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള കുട്ടികളുടെ പഠനത്തിന് വളരെ അനുയോജ്യമായ അന്തരീക്ഷമാണ് നിലവിലുള്ളത്. തുടക്കത്തിൽ കന്നഡ മാധ്യമമായിരുന്ന ഈ സ്കൂളിൽ പ്രദേശവാസികളുടെയും ജനങ്ങളുടെയും രക്ഷകർത്താക്കളുടെയും നിരന്തര പരിശ്രമ ഫലമായി മലയാളം മാധ്യമവും ആരംഭിച്ചു.

നിലവിൽ കുട്ടികളുടെ കുറവുമൂലം കന്നഡ മീഡിയം നഷ്ടപ്പെടുകയും മലയാളം മീഡിയം മാത്രമായി തുടരുകയും ചെയ്യുന്നു. പണ്ടൊക്കെ ഇന്നും കുട്ടികളുടെ കുറവ് വളരെയേറെ ബാധിക്കുന്ന ഒരു സ്കൂളാണിത്. മലയാളം മീഡിയത്തിൽ തന്നെ കുട്ടികളുടെ കുറവ് മൂലം 2 തസ്തികകൾ നഷ്ടമാവുകയും ചെയ്തു. 15ൽ താഴെ കുട്ടികൾ 4 ക്ലാസ്സിലായി പഠിച്ചുവരുന്ന സ്ഥിതിയും ഉണ്ടായി. പക്ഷെ ഇന്ന് 25 കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമായി ഉയർത്താൻ നാട്ടുകാരുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പരിശ്രമത്താൽ സാധിച്ചു.

## നിലവിലുള്ള അവസ്ഥ, സൗകര്യങ്ങൾ, കുറവുകൾ

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും അവികസിത പ്രദേശമാണ് പലന്തടുക്ക ഗവ: വെൽഫെയർ ലോവർ പ്രൈമറി സ്കൂൾ അനുവദിക്കപ്പെട്ടിരുന്നത് 1955ലാണ്. 1930 മുതൽ വിദ്യാലയം നിലനിന്നിരുന്നതായി പറയപ്പെടുന്നു. 3 ഏക്കർ 30 സെന്റാണ് സ്ഥലവിസ്തൃതി. പലന്തടുക്ക, ഓട്ടക്കൊല്ലി, ചാപ്പക്കൽ, ചാമക്കൊച്ചി, അഞ്ഞനപ്പാടി, മല്ലംപാറ, കുതിരത്തൊട്ടി തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളാണ് ഇതിന് മുൻകൈയെടുത്തത്. വെന്തട്ടിക്കലിൽ നിന്ന് 4 കിലോമീറ്റർ ദൂരത്തുള്ള പ്രദേശം പ്രകൃതിരമണീയമാണ്. ഈ പ്രദേശത്ത് എത്തിച്ചേരുന്നതിന് റോഡ്, ജീപ്പ് എന്നിവയെ ആശ്രയിക്കേണ്ടി വരുന്നു. കുട്ടികളുടെ സ്കൂളിലേക്കുള്ള യാത്ര ഇപ്പോൾ വിദ്യാവാഹിനി പദ്ധതിയിലൂടെ ഭംഗിയായി നടക്കുന്നുണ്ട്.

സ്ഥിതി വിവരക്കണക്കനുസരിച്ച് വിദ്യാലയം ഭൗതിക സാഹചര്യങ്ങളിൽ മോശമല്ല. ഗ്രാമപഞ്ചായത്ത്, വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.എ, രക്ഷാകർതൃസമിതി മുതലായവ സംവിധാനങ്ങളുടെ സഹകരണത്തോടെ വിദ്യാലയം പുരോഗതിയിലൂടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്നു.

4 ഡിവിഷനുകളിലേക്ക് ഒരു ഹെഡ്മാ-
സ്റ്ററും 3 അസിസ്റ്റന്റ് ടീച്ചറും ഒരു പി.ടി.സി.എം ഉണ്ട്.
നിലവിൽ 4 ക്ലാസ്സ്റൂം, ഒരു കമ്പ്യൂട്ടർ റൂമും ഒരു ഓഫീസ്
റൂമും ഉണ്ട്. അതിൽ ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും കോൺക്രീറ്റ്
കെട്ടിടവും 3ഉം 4ഉം ഓഫീസ് റൂമും ഓടിട്ട കെട്ടിടവുമാണ്.
കൂടാതെ ഒരു സ്റ്റേജും ഒരു കഞ്ഞിപ്പുരയും ഉണ്ട്. കുട്ടി-
കൾക്ക് കളിക്കാൻ അനുയോജ്യമായ ഒരു കളിസ്ഥലവും,
ആവശ്യത്തിന് ബെഞ്ചും, മേശയും, ഡസ്കും, കസേരയും നമുക്ക്
ഉണ്ട്. നിലവിൽ ഈ സ്കൂളിൽ 25 ഓളം കുട്ടികൾ പഠിക്കു-
ന്നുണ്ട്. വരും വർഷങ്ങളിലും സ്കൂളിനെ വികസനത്തിന്റെ
നെറുകയിൽ എത്തിക്കാൻ വേണ്ടി നാട്ടുകാരുടെയും രക്ഷിതാ
ക്കളുടെയും, അധ്യാപകരുടെയും ഒരു കമ്മിറ്റി രൂപവത്
കരിക്കുകയും ചെയ്തിട്ടുണ്ട്.

# കുട്ടികളുടെ വിവരങ്ങൾ

| Sl.No. | Class | Boys | Girls | Total | SC | | ST | | OBC | | Others | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | B | G | B | G | B | G | B | G |
| 1 | I | 4 | 1 | 5 | | | 4 | 1 | | | | |
| 2 | II | 3 | 1 | 4 | | | 3 | 1 | | | | |
| 3 | III | 7 | 5 | 12 | | | 6 | 4 | 1 | 1 | | |
| 4 | IV | 2 | 2 | 4 | | | 1 | 2 | 1 | - | | |

## ജീവനക്കാർ

ഹെഡ്മാസ്റ്റർ : 1

എൽ.പി.എസ്.ടി : 3

പി.ടി.സി.എം : 1

ടോട്ടൽ : 4

# പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ

പരിമിതമായ ചുറ്റുപാടിൽ നിന്നു കൊണ്ട് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ വളരെ നല്ല പഠന നിലവാരം അധ്യാപകരിലൂടെയും രക്ഷിതാക്കളിലൂടെയും കടമയായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും അത് നടപ്പിലാക്കാനും ഞങ്ങൾക്കാവുന്നുണ്ട്. പഠന പ്രവർത്തനങ്ങളിൽ മാത്രമല്ല കലാ, കായിക, പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിലും കുട്ടികൾക്ക് നല്ല കഴിവുകൾ ഉണ്ട്. അത് പ്രോത്സാഹിപ്പിച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. എല്ലാ വർഷവും കലോത്സവവും കായികമത്സരങ്ങളും സംഘടിപ്പിക്കുകയും വിജയികളെ അനുമോദിക്കുകയും ചെയ്യാറുണ്ട്. എല്ലാ മാസവും അവസാന വെള്ളിയാഴ്ച ബാലസഭ സംഘടിപ്പിക്കാറുണ്ട്. മികച്ച പ്രകടനം കാഴ്ചവെച്ചവരെ അഭിനന്ദിക്കാറുണ്ട്. കൂടാതെ ദിനാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്വിസ് മത്സരവും അനുബന്ധ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

| ക്രമ നമ്പർ | പ്രശ്നമേഖലയും | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാ വികസനം | 1) ചിത്രം അടിക്കുറിപ്പ് | 3 ദിവസം | പി.ടി.എ | ഹെഡ്.എം അധ്യാപകർ |
| | | 2) ചിത്രം: കഥപറയൽ | ആഗസ്റ്റ് | | |
| | | 3) അക്ഷരം ഉറപ്പിക്കൽ | മുതൽ | | |
| | | 4) അക്ഷര കാർഡ് നൽകൽ | നവംബർ | | |
| | | 5) വാക്കുകൾ നിർമ്മിക്കൽ | വരെ | | |
| | | 6) വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | 7) കഥ പൂർത്തിയാക്കൽ | | | |
| | | 8) കവിത പാരായണം | | | |
| | | 9) യാത്രാവിവരണം | | | |
| | | 10) വർണ്ണന | | | |
| | | 11) പത്ര വായന തയ്യാറാക്കൽ, അവതരിപ്പിക്കൽ | | | |
| | | 12 ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് നൽകൽ | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം ചുമതല |
|---|---|---|---|---|
| 2. | വായനാക്കൂട്ടം | 1) വായനാക്കൂട്ടം രൂപീകരിക്കൽ | 1 വർഷം | വി.ആർ.സി. പി.ടി.എ |
| | | 2) ലൈബ്രറി പുസ്തകവിതരണം | | എസ്.സി.ഇ. ആർ.ടി |
| | | 3) വായനാമത്സരം | | ഗ്രന്ഥശാല |
| | | 4) വായനാദിനാഘോഷം സംഘടിപ്പിക്കൽ | | പി.ടി.എ അധ്യാപകർ |
| | | 5) വായന മരിക്കുന്നുവോ എന്ന വിഷയവുമായി ബന്ധപ്പെട്ട സെമിനാർ | | |
| | | 6) വായനാക്കുറിപ്പ് നോട്ടീസ്ബോർഡ് | | |
| | | 7) വായനാക്കുറിപ്പ് പതിപ്പ് | | എസ്.എം.സി അംഗങ്ങൾ |
| | | 8) ബാലസാഹിത്യകൃതി കരണം/പ്രവർത്തനങ്ങൾ | | |
| | | 9) ദിനാചരണങ്ങൾ | | |
| | | 10 പുസ്തക ചർച്ച | | |
| | | 11) വായനാനുഭവം പങ്കുവെയ്ക്കൽ | | |

| ക്രമ നമ്പർ | പഠനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സമ്പത്തികം | ചുമതല |
| --- | --- | --- | --- | --- | --- |
| 3 | പരിസ്ഥിതി ([illegible]) മനസ്സിലാക്കൽ | 1, പരിസ്ഥിതി ദിനാചരണം<br>2, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ<br>2, പൂന്തോട്ട നിർമ്മാണം<br>3, പ്രകൃതി നടത്തം<br>4) അടുക്കളത്തോട്ട നിർമ്മാണം<br>5) പുഴയറിയാൻ<br>6) കാടറിയാൻ<br>7, മഴമാപിനി നിർമ്മാണം<br>8, വാനനിരീക്ഷണം<br>9) ഭൂപടനിർമ്മാണം<br>10) വിത്ത് ശേഖരണം<br>11) വിവിധ വിളകളുമായി ബന്ധപ്പെട്ട പതിപ്പുകൾ<br>12, പക്ഷിനിരീക്ഷണം<br>13, പൈതൃകസ്ഥാപന സന്ദർശനം | 1 ദിവസം<br>1 ദിവസം (7)<br>1 ദിവസം (10) | പി.ടി.എ<br>പി.ടി.എ, സ്കൂൾ (8, 9)<br>0 (10) | കുട്ടികൾ, അദ്ധ്യാപകർ (1)<br>പി.ടി.എ (2)<br>സ്കൂൾ ലീഡർ (8, 9)<br>ക്ലബ്ബ് ലീഡർ (10)<br>കുട്ടികൾ, അദ്ധ്യാപകർ (11) |

| ക്രമ നമ്പർ | പഠനമേഖലകളും | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 4. | പൊതുമുതൽ സംരക്ഷണം | 1, പൊതുസ്ഥാപനങ്ങളെ പരിചയപ്പെടൽ<br>2, പൊതുസ്ഥാപന ഉദ്യോഗസ്ഥന്മാരുമായി ഒരു ചർച്ച<br>3, ചിത്രശേഖരം<br>4, പതിപ്പ് നിർമ്മിക്കൽ | 1മാസം | പി.ടി.എ | ഹെഡ്.മം |
| 5 | ദിനാചരണങ്ങൾ | * പരിസ്ഥിതി ദിനാചരണം<br>2 ചാന്ദ്രദിനം<br>3, വാനനിരീക്ഷണം<br>4, മോഡലുകൾ ഉണ്ടാക്കൽ<br>5, ബഹിരാകാശയാത്രികർ, ലേഖന പകർപ്പ്/ ജീവചരിത്ര വിവരണം<br>6, ചിത്രശേഖരണം<br>7, സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കൽ<br>1 പതാക നിർമ്മാണം<br>2 പ്രത്യേക അസംബ്ലി<br>3, ദേശഭക്തിഗാനം മത്സരം / ശേഖരണം<br>4 ദേശീയനേതാക്കൾ പതിപ്പ് | 1 മാസം | പി.ടി.എ<br>അധ്യാപകർ | ഹെഡ്.മം<br>ഹെഡ്.മം |

5, ക്വിസ് മത്സരം 1 വർഷം പി.ടി.എ

6, പ്രസംഗ മത്സരം അധ്യാപകർ

7, ചാർട്ട് നിർമ്മാണം, സ്കൗട്ട്

റാലി

8, അധ്യാപകദിനം

9, ഗാന്ധിജയന്തി

10 കേരളപ്പിറവി

11 റിപ്പബ്ലിക് ദിനാചരണം

12, പരിസ്ഥിതി ക്ലബ്ബ്

6 ഗണിതശാസ്ത്രം 1. സംഖ്യകൾ പരിചയപ്പെടൽ 1 മാസം ഒരു വർഷം

2. പാറ്റേൺ

3 സംഖ്യാശ്രേണി പി.ടി.എ

4, ഗണിത ക്ലബ്ബ്

5, ഗണിതശാസ്ത്രജ്ഞന്മാരെ

പരിചയപ്പെടുത്തൽ

5 നിർമ്മാണം അധ്യാപകർ

6 ഗണിതശാസ്ത്രജ്ഞന്മാരുടെ

ദിനാചരണം വിദ്യാർത്ഥി

7 പഠനപ്രവർത്തനങ്ങളു- പി.ടി.എ

മായി ബന്ധപ്പെട്ട് ഉപകരണങ്ങൾ

നിർമ്മിക്കൽ

8. ജ്യാമിതീയരൂപങ്ങൾ ശേഖരണം

9. ഗണിതചിത്രം നിർമ്മാണം 6 മാസം

10, പഠനത്തിൽ പിന്നോക്കം

നിൽക്കുന്നവർക്ക് പ്രത്യേക

പരിശീലനം നൽകൽ

| ക്രമ നമ്പർ | പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 7. | ഗൃഹസന്ദർശനം | • ജൂൺ, ജൂലൈ മാസത്തിൽ ഒന്നാം ക്ലാസിൽ പുതിയതായി ചേർന്ന കുട്ടികളുടെ വീട് സന്ദർശനം നടത്തി പഠനനിലവാരം മനസിലാക്കൽ | 2 മാസം | പി.ടി.എ | ഹെഡ്.എം. അദ്ധ്യാപകർ |
| | | • ഫെബ്രുവരി മാസത്തിലും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരുടെ വീട് വീണ്ടും സന്ദർശിക്കുകയും പഠനത്തിലെ പ്രശ്നങ്ങളും മനസ്സിലാക്കുകയും ചെയ്യുന്നു. | | | പി.ടി.എ<br>എസ്.എം.സി<br>അംഗങ്ങൾ |
| | | • മേയ് മാസത്തിൽ അദ്ധ്യാപകരുടെയും 1 മാസം രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും നേതൃത്വത്തിൽ അംഗനവാടി സന്ദർശിക്കുകയും ഒന്നാം ക്ലാസിലേക്ക് കുട്ടികളുടെ വിവരശേഖരണം നടത്തി അവരെ സ്കൂളിലേക്ക് ആകർഷിപ്പിക്കുന്നു. | 1 മാസം | | ഹെഡ്.എം |
| | | • സ്കൂൾ പരിസരവാസികളുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ എല്ലാ വീടുകളിലേക്കും ഭവന സന്ദർശനം നടത്തുന്നു. കുട്ടികളെ സ്കൂളിലേക്ക് ചേർക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | 1 മാസം | പി.ടി.എ<br>ഹെഡ്.എം | പി.ടി.എ<br>ഹെഡ്.എം |

| ക്രമ നമ്പർ | പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 8 | | കൂടാതെ അധ്യാപികയുടെ ഒന്നാ ത്രത്തിൽ കൂടിയാണ് കുട്ടി- കളെ നിരീക്ഷിച്ചും പ്രവർ- ത്തനം സഹായത്തോടെ (പ്രധാന) പെരുമാറ്റം, ഡയറി സൂക്ഷിക്കുന്നു. | 1 ദിവസം | | ഹി.മി.സ്ട്രസ്<br>ക്ലാ.സ്<br>അധ്യാപകർ |
| 9 | | • One day one word<br>• English day celebration<br>• Add more line<br>• Complete the short stories<br>• English Assumbly<br>• English poem recetation<br>• English story telling<br>• English Newspaper reading<br>• Spoken English class<br>• English Story making | 1 Year Programme | PTA<br>SMC | HM<br>Teachers<br>Parents. |

| ക്രമ നമ്പർ | പഠന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 10 | ക്ലാസ്സ്റൂം നവീകരണം | • പഠന പ്രവർത്തനങ്ങളിലെ മികവ് പഠനനിലവാരം സൃ- ഷ്ടിക്കുന്നതിനാവശ്യമായ ഉപ- സ്ഥലം | 1 വർഷം | പഞ്ചായത്ത് | ബി.ആർ.സി പഞ്ചായത്ത് പി.ടി.എ |
| 11 | ലൈബ്രറി | സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തൽ | 1 വർഷം | പി.ടി.എ പഞ്ചായത്ത് | പഞ്ചായത്ത് ബി.ആർ.സി |
| 12 | ലാബ് നിർമ്മാണം | മികച്ച ഒരു ലാബ് സ്കൂളിൽ നിർമ്മിക്കൽ | 2 വർഷം | പഞ്ചായത്ത് | പഞ്ചായത്ത് |
| 13 | കുടിവെള്ളം | കുടിവെള്ളത്തിനായി ഒരു പ്യൂരിഫയർ സ്ഥാപിക്കൽ വിദ്യാർത്ഥികൾക്ക് ശുദ്ധമായ പ ലഭ്യമാക്കുന്നതിനായി കിണർ നവീകരിക്കുവാനുള്ള നടപടി | 1 വർഷം | പഞ്ചായത്ത് പി.ടി.എ | ബി.ആർ.സി പഞ്ചായത്ത് എസ്.എസ്.എ |
| 14 | കമ്പ്യൂട്ടർ | സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യ ത്തിന് കമ്പ്യൂട്ടർ ലഭ്യമാ ക്കുക. കമ്പ്യൂട്ടർ റൂം നവീ കരിക്കുക. കമ്പ്യൂട്ടർ പഠനം സാധ്യമാക്കുക. | 1 വർഷം | പഞ്ചായത്ത് എസ്.എസ്.എ | പഞ്ചായത്ത് എസ്.എസ്.എ എം.എൽ.എ എം.പി. ഫണ്ട് |
| 15 | സ്റ്റാഫ്റൂം | സ്റ്റാഫ്റൂം നിർമ്മിക്കുക സ്റ്റാഫ് റൂമിൽ ഓരോ അധ്യാപകർക്കും ഓരോ മേശയും കസേരയും നൽകുക. | 1 വർഷം | പഞ്ചായത്ത് എസ്.എസ്.എ | |

| ക്രമ നമ്പർ | പഠന ഘടകം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 16 | ഭക്ഷണ ശാല | • ഭക്ഷണം കഴിക്കാൻ ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ഭക്ഷണശാല നിർമ്മിക്കുക. | 1 വർഷം | പഞ്ചായത്ത് എസ്.എസ്.എ | പഞ്ചായത്ത് എസ്.എസ്.എ |
| 17 | ചുറ്റു മതിൽ | സ്കൂൾ ഉപകരണം വസ്തുവക- കൾ നശിപ്പിക്കാൻ ഇടയുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കാൻ ചു- റ്റുമതിൽ കെട്ടി സ്കൂൾ സംരക്ഷി ക്കണം. | 3 വർഷം | പഞ്ചായത്ത് എസ്.എസ്.എ എം.എൽ.എ ഫണ്ട് | പഞ്ചായത്ത് എസ്.എസ്.എ |

നിലവിലുള്ള സാഹചര്യത്തിൽ നിന്ന് കൊണ്ട് സ്കൂളിന്റെ പാഠ്യേതര പ്രവർത്തനങ്ങളിൽ നല്ല നിലവാരം പുലർത്തുന്ന ഒരു ചെറിയ സ്കൂളാണിത്. നാട്ടുകാരുടെയും, രക്ഷിതാക്കളുടെയും, അധ്യാപകരുടെയും പരിശ്രമത്തിന്റെ ഫലമായി വളരെ താഴ്ന്ന തട്ടിൽ പലതും പരിമിതമായ നിലയിൽ നിന്നും ഇപ്പോൾ ചെറിയമാറ്റം വരുത്താൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ കുട്ടികളെ നമ്മളിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

പൊതുവിദ്യാലയം നിലനിർത്തേണ്ടത് ഒരു നാടിന്റെ ആവശ്യമാണ്. ആ കടമയിൽ നിന്ന് ഒഴിഞ്ഞുമാറുന്നവർ ഒരു നല്ല സമൂഹത്തിന് യോജിച്ച രീതിയിൽ അല്ല പ്രവർത്തിക്കുന്നത്. പൊതുവിദ്യാലയം പൊതുസ്വത്താണ്. അത് സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്ന് മനസ്സിലാക്കി നമുക്ക് ഒരുമിച്ചുള്ള പ്രയാണം തുടരാം.